I.ഇ.ബി.XIകേരള നിയമസഭ/IV29

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 26, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### അടിയന്തിരപ്രമേയം

ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ

മി. സ്പീക്കർ: അൺ എയിഡഡ് മേഖലയിൽ പ്ളസ് ടു കോഴ്സുകൾ അനുവദിച്ചതിലും പ്ളസ് വൺ ക്ളാസ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് താമസം നേരിടുന്നതിലും പ്രതിഷേധിച്ചു കൊണ്ട് കഴിഞ്ഞ ദിവസം എസ്.എഫ്.ഐ. യുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെ നടന്ന പ്രകടനങ്ങൾക്കുനേരെ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പോലീസ് അതിഭീകരമായി ലാത്തിച്ചാർജും കണ്ണീർവാതക പ്രയോഗങ്ങളും നടത്തുകയും നൂറുക്കണക്കായ വിദ്യാർത്ഥികൾ സാരമായ പരിക്കുകളോടെ ആശുപത്രിയിലാവുകയും നിരവധി വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്ത് ജയിലുകളിൽ അടച്ചിരിക്കുകയും ചെയ്തിരിക്കുന്നതിനാൽ സംസ്ഥാനത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന പ്രക്ഷുബ്ധമായ അവസ്ഥയും അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷവും സംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ.പി.രാജേന്ദ്രൻ, എ.സി. ഷൺമുഖദാസ്, സി.കെ. നാണു, എ.എ. അസീസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി(ശ്രീ.കെ.ശങ്കരനാരായണൻ): അൺ എയിഡഡ് മേഖലയിൽ പ്ളസ് ടു കോഴ്സുകൾ അനുവദിച്ചതിലും മറ്റും പ്രതിഷേധിച്ച് സംസ്ഥാന വ്യാപകമായി എസ്.എഫ്.ഐ. പ്രവർത്തകർ നടത്തിയ മാർച്ചിനോടനുബന്ധിച്ച് തിരുവനന്തപുരം സെക്രട്ടേറിയറ്റിലേയ്ക്ക് ഉദ്ദേശം ഇരുന്നൂറോളം വിദ്യാർത്ഥികൾ പ്രകടനമായി എത്തി. ആ സമയം സെക്രട്ടേറിയറ്റ് മെയിൻ ഗേറ്റിൽ ധർണ്ണ നടത്തിയിരുന്ന മറ്റു സംഘടനാ പ്രവർത്തകരുമായി ഏറ്റുമുട്ടി കുഴപ്പങ്ങളുണ്ടാകാതിരിക്കാൻ എസ്.എഫ്.ഐ. പ്രവർത്തകരെ പോലീസ് തടഞ്ഞു. അതിൽ പ്രകോപിതരായ വിദ്യാർത്ഥികൾ പോലീസിനുനേരെ നടത്തിയ ശക്തമായ കല്ലേറിൽ പോലീസുകാർക്കും പ്രകടനത്തിന്റെ മുൻനിരയിൽ നിന്ന ചില വിദ്യാർത്ഥികൾക്കും പരിക്കുപറ്റി. അക്രമാസക്തരായ വിദ്യാർത്ഥികളോട് പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടിട്ടും അത് കൂട്ടാക്കാതെ കൂടുതൽ അക്രമാസക്തരായി കല്ലെറിഞ്ഞ് പോലീസ് വാഹനത്തിന് കേടുപാടുകൾ വരുത്തിയതിനെത്തുടർന്ന് പോലീസ് ലാത്തിച്ചാർജ് നടത്തി വിദ്യാർത്ഥികളെ ഓടിച്ചു. ഓടിപ്പോയ വിദ്യാർത്ഥികളിൽ ചിലർ യൂണിവേഴ്സിറ്റി കോളേജ് കോമ്പൗണ്ടിൽ കടന്നുകയറി വാഹനങ്ങൾക്കും വഴിയാത്രക്കാർക്കും നേരെ കല്ലേറ് നടത്തുകയും പോലീസിനുനേരെ കല്ലും പെട്രോൾ ബോംബുകളും വലിച്ചെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് പോലീസ് ടിയർ ഗ്യാസ് ഷെല്ലുകൾ പൊട്ടിച്ചു. പിരിഞ്ഞുപോയ വിദ്യാർത്ഥികളിൽ ചിലർ സർക്കാർ വക വാഹനങ്ങൾ ബോംബ് എറിഞ്ഞും തീവച്ചും നശിപ്പിക്കുകയും കെ.എസ്.ആർ.ടി.സി. ബസിന്റെ ചില്ല് കല്ലെറിഞ്ഞ് തകർക്കുകയും ചെയ്തു. വിദ്യാർത്ഥികളെ പോലീസ് മർദ്ദിച്ചുവെന്ന് ആരോപിച്ച് വൈകുന്നേരം പ്രകടനം നടത്തിയ പ്രവർത്തകരും നിരവധി സർക്കാർവക വാഹനങ്ങൾ കല്ലെറിഞ്ഞ് നശിപ്പിക്കുകയുണ്ടായി. ഇതിനെതിരെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുകയും പതിനാല് പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അറസ്റ്റിലായവർ വൈദ്യസഹായം ആവശ്യപ്പെട്ടതനുസരിച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയ്ക്കായി കൊണ്ടുപോയി. അക്രമത്തിൽ പോലീസുദ്യോഗസ്ഥന്മാർക്ക് പരിക്കുപറ്റുകയും അവർ ചികിൽസ തേടുകയും ചെയ്തിട്ടുണ്ട്. ശക്തമായ പോലീസ് ബന്തവസ്സ് ഏർപ്പെടുത്തി അക്രമപ്രവർത്തനങ്ങൾ തടയുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇന്നലെ തലസ്ഥാന നഗരിയിൽ നിഷ്ഠുരമായ ഒരു വിദ്യാർത്ഥിവേട്ടയാണ് നടന്നത്. ആ സംഭവത്തെ ലഘൂകരിച്ചുകൊണ്ടുള്ള മന്ത്രിയുടെ മറുപടി ഖേദകരമാണ്. അൺ എയിഡഡ് മേഖലയിൽ പ്ളസ് ടു അനുവദിക്കുന്നതിലും പ്ളസ് ഒൺ ക്ലാസ്സുകൾ വൈകുന്നതിലും പ്രതിഷേധിച്ച് വിദ്യാർത്ഥികൾ ഇന്നലെ സംസ്ഥാന വ്യാപകമായി എസ്.എഫ്.ഐ. യുടെ നേതൃത്വത്തിൽ വിവിധ ഡി.ഇ.ഒ ഓഫീസ്സുകളിലേയ്ക്കും തിരുവനന്തപുരം സെക്രട്ടേറിയറ്റിലേയ്ക്കും മാർച്ച് നടത്തുകയുണ്ടായി. എസ്.എസ്.എൽ.സി.യുടെ റിസൾട്ട് വന്ന് മാസങ്ങൾ കഴിഞ്ഞിട്ടും പ്ളസ് വൺ ക്ളാസ്സിലേയ്ക്കുള്ള പ്രവേശനം നീളുന്നത് വിദ്യാർത്ഥികളുടെ ഭാവിയെ ഗുരുതരമായി ബാധിക്കുമെന്നും സംസ്ഥാനത്ത് വിദ്യാഭ്യാസ കച്ചവടമാണ് നടക്കുന്നതെന്നും ആരോപിച്ചുകൊണ്ടാണ് സംസ്ഥാന വ്യാപകമായി ഇന്നലെ വിദ്യാർത്ഥികൾ സമര രംഗത്തേയ്ക്ക് വന്നത്. സമരം ചെയ്ത വിദ്യാർത്ഥികൾ ജാഥയായി സെക്രട്ടേറിയറ്റ് പടിക്കൽ എത്തുമ്പോഴേയ്ക്കും യാതൊരുവിധ പ്രകോപനവുമില്ലാതെ പോലീസ് വിദ്യാർത്ഥികളെ വളഞ്ഞിട്ട് തല്ലുകയാണുണ്ടായത്. വിദ്യാർത്ഥികൾ പോലീസിനു നേരെ കല്ലെറിഞ്ഞു എന്ന പ്രസ്താവന വാസ്തവ വിരുദ്ധമാണ്. ഈ വിദ്യാർത്ഥികളെ നിയമപരമായി അറസ്റ്റ് ചെയ്ത്

നടപടിയെടുക്കുന്ന തിനുപകരം തല്ലിച്ചതയ്ക്കുകയാണ് ചെയ്തത്. വിദ്യാർത്ഥികളെ മാത്രമല്ല എസ്.എഫ്.ഐ.യുടെ സംസ്ഥാന–ജില്ലാ നേതാക്കളെയും റോഡിലിട്ട് വലിച്ചിഴച്ച് ഭീകരമായി മർദ്ദിക്കുകയുണ്ടായി. മർദ്ദനത്തിൽ പരിക്കേറ്റവർ ചികിത്സയിലാണ്. ഇരുന്നൂറോളം വരുന്ന വിദ്യാർത്ഥികളെ പിരിച്ചുവിടാൻ പോലീസ് ലാത്തിച്ചാർജ് നടത്തിയിരിക്കുന്നു; അറസ്റ്റിലായ വിദ്യാർത്ഥികളെ പോലീസ് വാനിലും ലോക്കപ്പിലും വച്ച് ക്രൂരമായി മർദ്ദിച്ചു. ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ചെന്ന ജനപ്രതിനിധികളോടുപോലും പോലീസ് അപമര്യാദയായി പെരുമാറി. കോഴിക്കോട്ടും പാലക്കാട്ടും എസ്.എഫ്.ഐ.യുടെ നേതൃത്വത്തിൽ ഇതുപോലെ നടന്ന മാർച്ചിനുനേരെ പോലീസ് ആക്രമണം നടത്തുകയും നേതാക്കളുൾപ്പെടെ നിരവധി വിദ്യാർത്ഥികളെ മർദ്ദിക്കുകയും അവർ ആശുപത്രിയിലാവുകയും ചെയ്തിട്ടുണ്ട്. ഈ ആക്രമണങ്ങൾ കരുതിക്കൂട്ടി നടത്തിയവയാണ്. കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാനത്തെ അടിച്ചമർത്തി കേരളം ഭരിക്കാമെന്നുള്ള വ്യാമോഹം ഉപേക്ഷിക്കുന്നതാണ് ഉചിതം. എസ്.എസ്.എൽ.സി. പരീക്ഷാഫലം വന്ന് മൂന്നു മാസക്കാലമായിട്ടും പ്ളസ് വൺ ക്ലാസ്സുകളിലേയ്ക്കുള്ള പ്രവേശനം നടത്താതിരിക്കുന്നത് വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കാനാണ്. സമരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ പേരിൽ സ്ഫോടക വസ്തു കൈവശം വയ്ക്കൽ, പൊതുമുതൽ നശീകരണം എന്നീ വകുപ്പുകളുപയോഗിച്ച് കള്ളക്കേസ് ചാർജ് ചെയ്തത് ശരിയായില്ല. ഇത്തരത്തിലുള്ള യാതൊരു സംഭവവുമുണ്ടായിട്ടില്ലാത്ത സാഹചര്യത്തിൽ വിദ്യാർത്ഥികളെ ജാമ്യം കിട്ടാത്ത വകുപ്പുചേർത്ത് മാസങ്ങളോളം ജയിലിൽ അടയ്ക്കുകയാണ് ഇതിന്റെ പിന്നിലുള്ള ഉദ്ദേശം. മർദ്ദനത്തിൽ പ്രതിഷേധിച്ച് ഇന്ന് സംസ്ഥാന വ്യാപകമായി വിദ്യാർത്ഥികൾ പഠിപ്പു മുടക്കുകയും പ്രകടനം നടത്തുകയുമാണ്. ഇത്തരം സമരങ്ങളെയും പ്രകടനങ്ങളെയും അടിച്ചമർത്തി ഭരിക്കാമെന്നാണ് ഗവണ്മെന്റ് കരുതുന്നതെങ്കിൽ അതിനെ കേരളത്തിലെ ജനങ്ങൾ ശക്തമായി നേരിടും. ഇന്നലെ നടന്ന വിദ്യാർത്ഥി സമരത്തെ അടിച്ചമർത്താൻ പോലീസ് സ്വീകരിച്ച തെറ്റായ നടപടികളെ സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തുന്നതിനും വിദ്യാഭ്യാസ രംഗത്ത് നടമാടുന്ന അരാജകത്വം ഇല്ലാതാക്കുന്നതിനും വിദ്യാഭ്യാസ കച്ചവടക്കാർക്ക് കൂട്ടുനില്ക്കുന്ന നയം തിരുത്തുന്നതിനും വിദ്യാർത്ഥികളുടെ പേരിൽ ചാർജ് ചെയ്തിട്ടുള്ള എല്ലാ കേസ്സുകളും പിൻവലിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കണം . ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം .

<u>ശ്രീ. കെ. ശങ്കരനാരായണൻ</u> : ഈ പ്രശ്നം സംബന്ധിച്ച് കുറെ സത്യങ്ങളും അർദ്ധ സത്യങ്ങളും അസത്യങ്ങളും കൂട്ടിച്ചേർത്താണ് ഇവിടെ പരാമർശിച്ചത്. പ്ളസ് വൺ, പ്ളസ് ടു ക്ളാസ്സുകളിൽ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കുക എന്ന ഉത്തരവാദിത്വ ത്തിൽനിന്നും പിന്നോക്കം പോകാൻ ഗവണ്മെന്റ് തയ്യാറില്ല; ആ ഉത്തരവാദിത്വം ഗവൺമെന്റ് നിർവ്വഹിച്ചിരിക്കും. ജനാധിപത്യ സംവിധാനത്തിൽ സമാധാനപരമായി സമരം ചെയ്യാൻ എല്ലാ പ്രസ്ഥാനങ്ങൾക്കും രാഷ്ട്രീയ പാർട്ടികൾക്കും അവകാശമുണ്ട്. ഗവൺമെന്റ് അതിൽ ഇടപെടുക യില്ല. കഴിഞ്ഞ ദിവസം എസ്.എഫ്.ഐ.യുടെ ആസൂത്രിതമായ പ്രവർത്തനങ്ങളായിരുന്നു അരങ്ങേറിയത്. പെട്രോൾ ബോംബെറിയുന്നതും വാഹനങ്ങൾ തീവച്ചും കല്ലെറിഞ്ഞും നശിപ്പിക്കുന്നതും സമാധാനപരമായ സമരമാണോയെന്ന് ആലോചിക്കണം. ഇങ്ങനെ പൊതുമുതൽ നശിപ്പിക്കുകയും ക്രമസമാധാനം തകർക്കുകയും ചെയ്യുന്നവർക്കെതിരെ ഗവൺമെന്റ് ശക്തമായ നടപടിയെടു ക്കുകയും ക്രമസമാധാനം നിലനിറുത്തുകയും ചെയ്യും. അതുകൊണ്ട് ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി.എസ്. അച്ചുതാനന്ദൻ, കെ.പി.രാജേന്ദ്രൻ, എ.എ. അസ്സീസ്, ഡോ.എ.നീലലോഹിതദാസൻ നാടാർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കന്മാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തു പോകുകയും അല്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) വാട്ടർ അതോറിറ്റിയുടെ പുന:സംഘടനവഴി ഉപഭോക്താക്കൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ടി. കെ. ദേവകുമാർ: കേരള വാട്ടർ അതോറിറ്റിയുടെ റീസ്ട്രക്ച്ചറിംഗിനെ സംബന്ധിച്ച് പ്രസിദ്ധീകരിച്ച രണ്ടു രേഖകൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എ. ഡി. ബി.യുടെ നിർദ്ദേശമനുസരിച്ച് തൊഴിൽ നിയമങ്ങളിൽ വരുത്തുന്ന മാറ്റങ്ങളുടെ ഭാഗമായിട്ടാണ് വാട്ടർ അതോറിറ്റിയുടെ റീസ്ട്രക്ച്ചറിംഗ് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള സ്റ്റാഫിന് പുറമേ 644 പുതിയ സ്റ്റാഫുകൾകൂടി വേണമെന്ന് ആവശ്യപ്പെട്ട അതേ രാഷ്ട്രീയ നേതൃത്വം ഇന്ന് അധികാരത്തിൽ വന്നപ്പോൾ 3437 പേർ അധികമാണെന്ന നിഗമനത്തിലെത്തിയിരിക്കുന്നു. ഓഫീസുകളുടെ എണ്ണം 483–ൽ നിന്ന് 208 ആയി കുറയ്ക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. മെക്കാനിക്കൽ ഡിവിഷന്റെ കീഴിലുള്ള പണികൾ മുഴുവൻ പ്രൈവറ്റ് ഏജൻസിയെ ഏൽപ്പിച്ചുകഴിഞ്ഞു. ചെറുകിട ജലസേചന പദ്ധതികളുടെ നടത്തിപ്പും മെയിന്റനൻസും തദ്ദേശസ്വ.യംഭരണ സ്ഥാപനങ്ങൾക്കു കൈമാറിക്കഴിഞ്ഞു. വലിയ പട്ടണങ്ങളിലെ ശുദ്ധജല വിതരണച്ചുമതല മാത്രമുള്ള വകുപ്പായി വാട്ടർ അതോറിട്ടി മാറാൻ പോകുകയാണ്. കുടിക്കാനും വ്യവസായികാവശ്യത്തിനുമുള്ള വെള്ളത്തിന്റെ ചാർജ് വർദ്ധിപ്പിക്കാൻ പോകുന്നു. ഇതു വ്യവസായ നയത്തെയും ദോഷകരമായി ബാധിക്കും. റീസ്ട്രക്ച്ചറിംഗ് സംബന്ധിച്ച് തയ്യാറാക്കിയിരിക്കുന്ന കരട് രേഖ നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ കക്ഷികളുമായി ചർച്ച ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): കേരള വാട്ടർ അതോറിറ്റിയുടെ റീസ്ട്രക്ച്ചറിംഗിനെ സംബന്ധിച്ച് സമർപ്പിക്കപ്പെട്ട റിപ്പോർട്ട് എന്താണെന്ന് പൂർണ്ണരൂപത്തിൽ മനസ്സിലാക്കാതെയാണ് ബഹുമാനപ്പെട്ട അംഗം സംസാരിച്ചത്. വാട്ടർ അതോറിറ്റിയെ പ്രൈവറ്റൈസ് ചെയ്യാൻ യാതൊരു തീരുമാനവും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ഏകദേശം രണ്ടായിരത്തിനടുത്തു വരുന്ന ചെറിയ ശുദ്ധജല വിതരണ പദ്ധതികളുടെ നടത്തിപ്പ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ഏല്പിക്കാനുള്ള തീരുമാനം കഴിഞ്ഞ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റാണ് കൈക്കൊണ്ടത്. ഈ ഗവൺമെന്റ് അതിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. പദ്ധതികളുടെ ഓപ്പറേഷനും മെയിന്റനൻസിനും ആവശ്യമായ ധനാഗമമാർഗ്ഗങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾതന്നെ കണ്ടെത്തണം. കേരള വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമതയും സാമ്പത്തിക ഭദ്രതയും ഉറപ്പുവരുത്തുകയെന്നതാണ് പുനഃസംഘടനകൊണ്ട് ഉദ്ദേശിക്കുന്നത്. പ്ളാനിംഗ്

ബോർഡു്, ധനകാര്യ വകുപ്പ്, എക്കണോമിക് അഫയേഴ്സ് മിനിസ്ട്രി ഇവയിലെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധസമിതിയാണ് ഇതുസംബന്ധിച്ചുള്ള ധവളപത്രം തയ്യാറാക്കിയത്. മൂന്നുവർഷത്തിനകം പകുതിയോളം ഓഫീസുകൾ നിർത്തലാക്കണമെന്ന ഒരു നിർദ്ദേശവും ധവളപത്രത്തിൽ അടങ്ങിയിട്ടുണ്ട്. ധവളപത്രം അതേപടി ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല, അതിന്മേൽ അന്തിമ തീരുമാനമെടുത്തിട്ടില്ല. വാട്ടർ അതോറിറ്റിയിലെ വിവധ സംഘടനാപ്രതിനിധികളുമായി ഇന്ന് ചർച്ച നടത്തുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വെള്ളക്കരം ഇതുവരെ വർദ്ധിപ്പിച്ചിട്ടില്ല. എൽ.ഐ.സി., ഹഡ്കോ മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നിവയിൽനിന്നും പലിശയ്ക്കെടുക്കുന്ന പണം പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതുണ്ട്. ചാർജ് വർദ്ധിപ്പിക്കാതെ, ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ വാട്ടർ അതോറിറ്റിയെ സാമ്പത്തികമായി എങ്ങനെ നിലനിർത്തിക്കൊണ്ടുപോകാൻ കഴിയുമെന്നതിനെപ്പറ്റി ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരി ക്കുകയാണ്.

(2) <u>നിർദ്ദിഷ്ട മലയോര വികസന അതോറിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത</u>

<u>പ്രൊഫ. എ.ഡി. മുസ്തഫ</u> : സംസ്ഥാനത്തെ നാൽപതു ശതമാനത്തോളം ജനങ്ങൾ അധിവസിക്കുന്ന മലയോരമേഖലയുടെ വികസനത്തിനുവേണ്ടി ഒരു മലയോര വികസന അതോറിറ്റി രൂപീകരിക്കണമെന്ന ആശയം മാറി മാറി വന്ന ഗവൺമെന്റുകൾ അംഗീകരിച്ചിട്ടുള്ളതാണ്. അതോറിറ്റിയുടെ രൂപികരണം സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് വിവിധ കാലഘട്ടങ്ങളിലായി നിയോഗിക്കപ്പെട്ട നാല് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ സമർപ്പിക്കുകയും 2002-03-ലെ ബഡ്ജറ്റിൽ ഒരു കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തെങ്കിലും ഇതുവരെ അതു സംബന്ധിച്ച് യാതൊരു പ്രവർത്തനവുമുണ്ടായില്ല. അതുകൊണ്ട് മലയോര വികസന അതോറിറ്റി രൂപീകരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ.ശങ്കരനാരായണൻ):</u> മലയോര പ്രദേശത്തെ സാംപത്തിക വളർച്ചയ്ക്കും ഗതാഗതം, ശുദ്ധജലവിതരണം എന്നിവയ്ക്കും വേണ്ടി ഒരു മലയോരവികസന അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ അതോറിറ്റിയുടെ രൂപീകരണം സംബന്ധിച്ച് സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് റവന്യൂ വകുപ്പു സെക്രട്ടറിയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 2002 സെപ്റ്റംബർ ആദ്യവാരം അതിന്റെ റിപ്പോർട്ട് ലഭിക്കും. ബഡ്ജറ്റിൽ ഒരു കോടി രൂപ ഇതിനായി വക കൊള്ളിച്ചിട്ടുണ്ട്. റിപ്പോർട്ടു ലഭിച്ചശേഷം മലയോര വികസന അതോറിറ്റിയുടെ രൂപീകരണം സംബന്ധിച്ച നടപടികളാരംഭിക്കുന്നതാണ്.

## സബ്മിഷൻ

(1) <u>പയ്യന്നൂർ ഖാദി സെന്ററിൽ കെട്ടിക്കിടക്കുന്ന ഉൽപന്നങ്ങൾ ആരോഗ്യവകുപ്പിന്റെ ആവശ്യത്തിലേക്ക് വാങ്ങുന്നതു സംബന്ധിച്ച്</u>

<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ:</u> പയ്യന്നൂർ ഖാദി സെന്ററിൽ കെട്ടിക്കിടക്കുന്ന ബാന്റേജ് ക്ളോത്തും മറ്റു തുണിത്തരങ്ങളും ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളുടെ

ആവശ്യത്തിന് വാങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ പട്ടിണിയിൽ നിന്നും രക്ഷിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): ഖാദിയുടേയും കൈത്തറിയുടേയും കാര്യത്തിൽ വളരെ അനുഭാവപൂർവ്വമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. നിലവിലുള്ള സർക്കാർ ഉത്തരവുപ്രകാരം ആരോഗ്യവകുപ്പു ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിലേക്ക് പയ്യന്നൂർ ഖാദി സെന്ററിൽ നിന്നും ഹാന്റക്സിൽ നിന്നും 1:1 എന്ന അനുപാതത്തിൽ വാങ്ങാനുള്ള സംവിധാനം നിലവിലുണ്ട്. അത് ഗൗരവമായി നടപ്പിലാക്കണമെന്നും തുടരണമെന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതിനുപുറമേ കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയുടെ ആവശ്യത്തിനു വേണ്ടി വരുന്ന ബാന്റേജ് ക്ളോത്തും ഇവിടെ നിന്നു വാങ്ങാൻ എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കാം.

(2) പാലക്കാട് ജില്ലയിലെ നെൽക്കൃഷി നാശം

ശ്രീ. കെ.എ. ചന്ദ്രൻ: മഴക്കുറവു മൂലവും ചിറ്റൂർപുഴ പദ്ധതിയിൽനിന്ന് ആവശ്യത്തിന് വെള്ളം ലഭിക്കാത്തതു മൂലവും പാലക്കാട് ജില്ലയിലെ നെൽക്കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള ജലസേചനപദ്ധതികളിൽ നിന്നും ആവശ്യത്തിന് ജലം ലഭ്യമാക്കുന്നതിനും കർഷകർക്കുണ്ടായ നഷ്ടം നികത്തുന്നതിനും കൃഷി വകുപ്പുമന്ത്രിയും ജലസേചനവകുപ്പുമന്ത്രിയും റവന്യൂവകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സൗത്ത് വെസ്റ്റ് മൺസൂൺ ഇപ്രാവശ്യം കുറവായിരുന്നതുകൊണ്ട് നെൽക്കൃഷി തകരാറിലായി. ചിറ്റൂർപ്പുഴ പദ്ധതിയിൽ നിന്നും 16940 ഹെക്ടർ സ്ഥലത്താണ് വെള്ളം കിട്ടിക്കൊണ്ടിരുന്നത്. എന്നാൽ ഇപ്പോൾ ആവശ്യത്തിന് വെള്ളം ലഭിക്കാത്തതുകൊണ്ട് കൃഷിക്ക് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. കൃഷി വകുപ്പും ഇറിഗേഷൻവകുപ്പുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചിറ്റൂർപുഴയിൽ നിന്നും വെള്ളം കിട്ടുന്നതിനുവേണ്ടി ബന്ധപ്പെട്ട ഇറിഗേഷൻ എൻജിനിയർ 18-7-02-ൽ തമിഴ്നാട് സർക്കാരുമായി ചർച്ച നടത്തുകയും ജലം നൽകാമെന്നു പറയുകയും ചെയ്തെങ്കിലും ഇതുവരേയും ജലം ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് കൃഷിവകുപ്പ് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് തീരുമാനിക്കുന്നതിന് നിയോഗിക്കപ്പെട്ട സബ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് പുനരുദ്ധാരണ പദ്ധതി

ശ്രീ. സാജു പോൾ: ഒരു വർഷമായി അടഞ്ഞുകിടക്കുന്ന പെരുമ്പാവൂർ റയോൺസ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി തുറന്നു പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിനെ സംബന്ധിച്ച് ഗവൺമെന്റിനു കിട്ടിയ പ്രൊപ്പോസലിനെക്കുറിച്ച് ഉദ്യോഗസ്ഥൻമാരുടെ സബ് കമ്മിറ്റി പഠനം നടത്തിയശേഷം എം.ഒ.യു. ഒപ്പിട്ടു.

അത് ഇംപ്ലിമെന്റ് ചെയ്യുന്നതിന് നികുതി വകുപ്പും റവന്യൂ വകുപ്പും അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. മേജർ കൺസിസ്റ്റൻസ് ഉള്ളതുകൊണ്ട് ഫൈനാൻസ് വകുപ്പിൽനിന്നും ഇലക്ട്രിസിറ്റി വകുപ്പിൽനിന്നും അനുകൂലമായ നിലപാടുണ്ടായിട്ടില്ല. ഇക്കാര്യത്തിൽ അടുത്ത ക്യാബിനറ്റിൽ ഒരു തീരുമാനമെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്.

(4) കോട്ടപ്പടി പോലീസ് സ്റ്റേഷൻ കെട്ടിടം

ശ്രീ. വി.ജെ. പൗലോസ്: കാൽ നൂറ്റാണ്ടിനുമുമ്പ് സ്ഥാപിച്ചതും ഇപ്പോഴും വാടക ക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ കോതമംഗലം നിയോജകമണ്ഡലത്തിലെ കോട്ടപ്പടി പോലീസ് സറ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ): കോട്ടപ്പടി പോലീസ് സ്റ്റേഷന് കെട്ടിടം പണിയാൻ അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും കെട്ടിടം പണി ആരംഭിക്കുന്നതാണ്.

(5) ജെ.ആർ.സി അംഗങ്ങളായ വിദ്യാർത്ഥികൾക്കുകൂടി പ്ളസ് ടു പ്രവേശനത്തിന് വെയിറ്റേജ് മാർക്ക് നല്കുന്ന കാര്യം

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: എൻ.സി.സി., എൻ.എസ്.എസ്, സ്കൗട്ട് ആന്റ് ഗൈഡ്സ് അംഗങ്ങളായ വിദ്യാർത്ഥികൾക്ക് പ്ള് ടൂ പ്രവേശനത്തിന് നല്കുന്ന വെയിറ്റേജ് മാർക്ക് ജൂനിയർ റെഡ്ക്രോസ് അംഗങ്ങളായ വിദ്യാർത്ഥികൾക്കുകൂടി നല്കി അവരെ പ്രോത്സാഹിപ്പിക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): ജൂനിയർ റെഡ്ക്രോസ് സംഘടന യിലെ വിദ്യാർത്ഥികൾക്ക് പ്ളസ് ടൂവിന് ബോണസ് മാർക്ക് കൊടുക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. പ്ളസ് ടൂ അഡ്മിഷൻ പ്രോസസ്സ് ആരംഭിച്ചുകഴിഞ്ഞതുകൊണ്ട് ഈ വർഷം അത് സാദ്ധ്യവുമല്ല. അടുത്തകൊല്ലം ഈ കാര്യം പരിഗണിക്കാവുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ഫിഷറിസ്-ടൂറിസം മേഖലകളിൽ അംഗീകാരം ലഭിച്ച പദ്ധതികൾ സംബന്ധിച്ച്

ജൂലൈ 17, 18, 19 തീയതികളിൽ ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി, ഡൽഹിയിൽവച്ച് കേന്ദ്ര കൃഷി-ടൂറിസം വകുപ്പുമന്ത്രിമാരും കേന്ദ്ര ഗവൺമെന്റിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ഫിഷറീസ്-ടൂറിസം മേഖലകളിൽ അംഗീകാരം ലഭിച്ച വിവിധ പദ്ധതികളെക്കുറിച്ച് ബഹുമാനപ്പെട്ട ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി പ്രൊഫ. കെ.വി. തോമസ് സഭയിൽ പ്രസ്താവന നടത്തി..

## ധനകാര്യം

<u>2002–2003 വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെയും 1985–86–ഉം 1987–88 മുതൽ 1993–94 വരെയും സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റ്മെന്റ്</u>

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ശങ്കരനാരായണൻ):</u> 2002–2003 വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെയും 1985–86–ലെയും 1987–88 മുതൽ 1993–94 വരെയും ഉള്ള സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റ്മെൻറുകൾ മേശപ്പുറത്തു വച്ചു.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u>: ബഹുമാനപ്പെട്ട പിന്നോക്ക–പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി ട്രൈബൽ സബ് പ്ലാൻ ഫണ്ടിൽപ്പെട്ട 38 കോടി രൂപ 24 ദിവസവും 18 കോടി രൂപ രണ്ടേമുക്കാൽ മാസവും അനധികൃതമായി കൈവശം വച്ചിരുന്നത് സംബന്ധിച്ച് പ്രതിപക്ഷം ചൂണ്ടിക്കാണിച്ചപ്പോൾ ധനകാര്യമന്ത്രി അത് തെറ്റാണെന്നു പറയുകയും 48 മണിക്കൂറിനകം ആ തുക ട്രഷറിയിൽ അടയ്ക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടെന്നു പറയുകയും ചെയ്തു. ഇക്കാര്യത്തെ സംബന്ധിച്ച് ജുഡിഷ്യൽ അന്വേഷണം നടത്തണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം ഗവൺമെന്റ് അംഗീകരിച്ചില്ല. ഗവൺമെന്റ് പ്രഖ്യാപിച്ച ചീഫ് സെക്രട്ടറിയുടെ അന്വേഷണത്തെപ്പോലും അവഹേളിക്കുന്ന, പ്രഹസനമാക്കുന്ന നിലപാടാണ് യു.ഡി.എഫ്. നേതാക്കളിൽ നിന്ന് ഉണ്ടായിട്ടുള്ളത്. ഇത് പ്രതിപക്ഷം ആവശ്യപ്പെടുന്ന ജുഡിഷ്യൽ അന്വേഷണത്തിന്റെ പ്രസക്തി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഈ പ്രശ്നം ഗൗരവമായെടുത്ത് കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കണം. ഇതു സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ പ്രതികരണം മുഖ്യമന്ത്രിയുടെ ചുമതല കൂടിയുള്ള ധനകാര്യമന്ത്രി സഭയെ അറിയിക്കണം.

(ധനകാര്യമന്ത്രി മറുപടി പറയാതിരുന്നതിൽ പ്രതിഷേധിച്ചു പ്രതിപക്ഷാംഗങ്ങൾ സഭയിൽ ബഹളം വച്ചുകൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: ഈ പ്രശ്നത്തിന്റെ പേരിൽ മൂന്നാമത്തെ ദിവസമാണ് സഭ നടത്തിക്കൊണ്ടു പോകാൻ അനുവദിക്കാതിരിക്കുന്നത്; അതിൽ ഖേദമുണ്ട്.

സഭ രാവിലെ 10.35–ന് പിരിഞ്ഞു.